©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ആഗസ്റ്റ് 18<br>18th August 2020<br>1196 ചിങ്ങം 2<br>2nd Chingam 1196<br>1942 ശ്രാവണം 27<br>27th Sravana 1942 | നമ്പർ<br>No. 33 |

## PART III
# Forest Department

### തെന്മല ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ സി4-530/2019. 2020 ആഗസ്റ്റ് 6.

തെന്മല ഫോറസ്റ്റ് ഡിവിഷനിലെ തെന്മല, ആര്യങ്കാവ് റെയിഞ്ചിൽ ഗ്യാരേജ് ചെയ്യപ്പെട്ടിട്ടുള്ള ചുവടെ വിവരിക്കുന്ന സർക്കാർ വക വാഹനങ്ങൾ ഇപ്പോഴത്തെ അവസ്ഥയിലും സ്ഥിതിയിലും 22-9-2020-ന് (രാവിലെ 11 മണി മുതൽ ഉച്ചയ്ക്കുശേഷം 3.30 മണി വരെ) ഇ-ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. എം.എസ്.റ്റി.സി. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി എം.എസ്.റ്റി.സി.-യുടെ www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. അല്ലെങ്കിൽ ഈ ഓഫീസിൽ നിന്നും ലഭ്യമാവുന്നതാണ്. (ഫോൺ നമ്പർ : 0475 2344521) വാഹനത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക

| ക്രമ നമ്പർ | വാഹന വിവരം രജിസ്ട്രേഷൻ നമ്പർ | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം | നിരതദ്രവ്യം ₹ | വാഹനത്തിന്റെ എഞ്ചിൻ/ചേസിസ് നമ്പർ |
|---|---|---|---|---|
| 1 | TN 03 H 5999<br>Mahindra Scorpio 2011 Model | ആര്യങ്കാവ് റെയിഞ്ച് | 10,000 | HFB4B31556 |
| 2 | TN 67 R 7620<br>Hero Honda Bike | ആര്യങ്കാവ് റെയിഞ്ച് | 5,000 | 04A16F21585 |
| 3 | KL 25 C 9867<br>Pickup Van | തെന്മല റെയിഞ്ച് | 20,000 | MAIZC4GHKCID32278 |

ഗവൺമെന്റ് ഉത്തരവ് GO (Ms.) 212/15 Fin. dated 5-6-2015-ലെയും പഴയ വാഹനങ്ങളുൾപ്പെടെയുള്ള സ്ക്രാപ്പ് കാറ്റഗറിയിൽപ്പെട്ട സാധനങ്ങളുടെ വില്പന സംബന്ധിച്ച് കേരള ഗവൺമെന്റും എം.എസ്.റ്റി.സി.-യും തമ്മിൽ 13-3-2018-ൽ ഏർപ്പെട്ടിട്ടുള്ള കരാറിലേയും ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റ് ഉത്തരുവുകളുടേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഇ-ലേലം നടത്തപ്പെടുന്നത്. ചുവടെ ഒപ്പിട്ട ആൾക്ക് മേൽപറഞ്ഞ ലേലം ഒരു വിധ മുന്നറിയിപ്പും കൂടാതെ റദ്ദാക്കുവാനുള്ള അധികാരം ഉണ്ടായിരിക്കും. എം.എസ്.റ്റി.സി.-ൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ള ആളുകൾക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. ലേലം ചെയ്യുന്ന വാഹനത്തിന്റെ നിരതദ്രവ്യം ലേല ദിവസത്തിന് തൊട്ടുമുൻപുള്ള ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ഇ-ചെലാൻ മുഖേന ഈ ഓഫീസിൽ അടച്ചിരിക്കണം. നിരതദ്രവ്യം അടയ്ക്കുമ്പോൾ ലേലത്തിൽ പങ്കെടുത്തയാളിന്റെ രജിസ്ട്രേഷൻ നമ്പരും രേഖപ്പെടുത്തിയിരിക്കണം. നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരനു മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

## നിബന്ധനകൾ

1. വില്പനയ്ക്ക് വച്ചിരിക്കുന്ന വാഹനങ്ങളുടെ നിലവിലെ അവസ്ഥ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ബന്ധപ്പെട്ട തെന്മല/ആര്യങ്കാവ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ അനുവാദത്തോടുകൂടി വാഹനം പരിശോധിക്കാവുന്നതാണ്. ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല.
2. വാഹനങ്ങളുടെ ആർ.സി. ബുക്ക് ലഭ്യമല്ലെങ്കിൽ ലേലക്കാരൻ സ്വന്തം നിലയ്ക്ക് ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കേണ്ടതാണ്.
3. ഇതുസംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) 212/15/ധനം തീയതി 5-6-2015-നും ഗവൺമെന്റുമായി എം.എസ്.റ്റി.സി. കമ്പനി 13-3-2018-ൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകൾക്കും മറ്റു നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കും ഇ-ലേലം നടത്തപ്പെടുന്നത്.
4. വാഹനങ്ങളുടെ ഇ-ലേലം സംബന്ധിച്ച് എം.എസ്.റ്റി.സി. കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിബന്ധനകളും നടപടിക്രമങ്ങളും ഇ-ലേലത്തിന് ബാധകമായിരിക്കും.
5. ഇ-ലേലം സംബന്ധിച്ച അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ് & ബി.എ.) നിലവിലുള്ള നിബന്ധനകളിൽ പരിഷ്കാരങ്ങൾ പുതുതായി വരുത്തിയാൽ ആയതും ഇ-ലേലത്തിന് ബാധകമായിരിക്കും.
6. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും അറിയാവുന്നതാണ് (ടെലിഫോൺ നമ്പർ : 0475-2344521).
7. ഏതെങ്കിലും അപ്രതീക്ഷിത സാഹചര്യത്തിലുള്ള അവധി പ്രഖ്യാപനം മൂലം വാഹന ലേലം നിശ്ചിത ദിവസം നടക്കാതെ വന്നാൽ ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേസമയം നടത്തുന്നതായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
തെന്മല.

എ. പി. സുനിൽ ബാബു, ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണർക്കുവേണ്ടി).

---

## മറയൂർ ചന്ദന ഡിവിഷൻ

### ഇ-ലേല പരസ്യം

നമ്പർ ഇ-2284/2020. 2020 ജൂലൈ 2.

മറയൂർ ചന്ദന ഡിവിഷനിൽ മറയൂർ റെയിഞ്ചിൽ സർക്കാർ വക ചന്ദന ഡിപ്പോയിൽ ചെത്തിമിനുക്കി സൂക്ഷിച്ചിട്ടുള്ളതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ ചന്ദനത്തടികൾ (ബില്ലറ്റുകൾ, വേരുകൾ, ചീളുകൾ, ചന്ദന അറക്കപ്പൊടി, ചന്ദനപ്പൊടി എന്നിവ) 16-9-2020, 17-9-2020 (ബുധൻ, വ്യാഴം) ദിവസങ്ങളിൽ ഇ-ലേലം മുഖേന വിൽപ്പന നടത്തുന്നതായിരിക്കും. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 09946473645 എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക. (മൂന്നാർ, ഉടുമൽപ്പേട്ട് റോഡിൽ മൂന്നാറിൽ നിന്ന് 42 കിലോമീറ്റർ വടക്കു കിഴക്കു ദിശയിലും ഉടുമൽപേട്ടയിൽ നിന്ന് 45 കിലോമീറ്റർ തെക്കു പടിഞ്ഞാറ് ദിശയിലും മറയൂർ സ്ഥിതി ചെയ്യുന്നു.) ലേല നിബന്ധനകൾ 13-1-2015-ലെ വാല്യം IV, 2-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം സംരക്ഷണ വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23-12-2014-ലെ പ്രൊ (4)-54954/2014 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പൊതുലേല നിബന്ധനകൾ 16-9-2014-ലെ വാല്യം III, 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ 21-8-2014-ലെ പ്രൊ(4)-29243/2013 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരവും 4-11-2014-ലെ വാല്യം III, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ 17-10-2014-ലെ പ്രൊ(4)-29243/2013 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

**പട്ടിക**

| ക്രമ നമ്പർ | ക്ലാസ്സ് നമ്പർ | ക്ലാസ്സിന്റെ പേര് | ഉദ്ദേശ തൂക്കം (കി.ഗ്രാം) |
|---|---|---|---|
| 1 | I ക്ലാസ്സ് | വിലായത്ത് ബുദ്ധ് | 1555.000 |
| 2 | II ക്ലാസ്സ് | ചൈനാ ബുദ്ധ് | 990.300 |
| 3 | III ക്ലാസ്സ് | പഞ്ചം | 5015.250 |
| 4 | IV ക്ലാസ്സ് | ഗോത്‌ല | 364.960 |
| 5 | V ക്ലാസ്സ് | ഗാഡ് ബഡ്‌ല | 6745.740 |
| 6 | VI ക്ലാസ്സ് | ബഗ്രദാദ് | 4000.000 |
| 7 | VII ക്ലാസ്സ് | റൂട്ട് ഫസ്റ്റ് ക്ലാസ്സ് | 2467.540 |
| 8 | VIII ക്ലാസ്സ് | റൂട്ട് സെക്കൻഡ് ക്ലാസ്സ് | 1376.100 |
| 9 | IX ക്ലാസ്സ് | റൂട്ട് തേർഡ് ക്ലാസ്സ് | 1299.000 |
| 10 | X ക്ലാസ്സ് | ജയ് പോക്കൽ | 10482.150 |
| 11 | XI ക്ലാസ്സ് | ചെറിയ | 300.000 |
| 12 | XII ക്ലാസ്സ് | മിക്സഡ് ചിപ്സ് | 3000.000 |
| 13 | XIII ക്ലാസ്സ് | അറക്കപൊടി | 425.700 |
| 14 | XIV ക്ലാസ്സ് | ചന്ദനവെള്ള ബില്ലറ്റ് | 3608.900 |
| 15 | XV ക്ലാസ്സ് | ചന്ദനവെള്ള ചിപ്സ് | 38083.000 |
| 16 | | ചന്ദന പൊടി | 74.280 |
| 17 | | ആഫ്രിക്കൻ ചന്ദനം | 1870.000 |
| | | ആകെ | 81657.920 |

മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചന്ദനത്തിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്നതിനുള്ള അധികാരം മറയൂർ ചന്ദന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ചന്ദനലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ₹ 50,000 നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടു തലേ ദിവസം വൈകുന്നേരം 6 മണിക്കു മുൻപായി ഓൺലൈൻ ആയി MSTC കമ്പനിയിൽ ഒടുക്കേണ്ടതാണ്. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. ഓൺലൈൻ ഇടപാടുകൾ പരിചയമില്ലാത്തവർക്ക് ഒരു തുടക്കമെന്ന നിലയിൽ പഴയ രീതിയിൽ ചെയ്തിരുന്നതുപോലെ നിരതദ്രവ്യം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മറയൂരിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മൂന്നാർ ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന ലേല തലേദിവസം 2 മണിവരെ സ്വീകരിക്കുന്നതായിരിക്കും. രജിസ്റ്റർ ചെയ്തിട്ടുള്ളതും നിരതദ്രവ്യം ഒടുക്കിയിട്ടുള്ളതുമായ ഇടപാടുകാർക്കു മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ലോട്ടിന്റെ ലേലത്തുക നിശ്ചിത സമയത്തിനകം അടച്ചില്ലെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

വിജയിയായ ലേലക്കാരൻ ലേല വിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ, മറയൂർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മൂന്നാർ ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാൻഡ് ഡ്രാഫ്റ്റായോ, ദേവികുളം സബ് ട്രഷറിയിൽ പണമായോ ഒടുക്കേണ്ടതാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ബാങ്ക് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ നൽകേണ്ടതാണ്.

ലേലംകൊണ്ട വസ്തുക്കൾ നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്ന തീയതിക്ക് ഏഴു ദിവസം മുമ്പേ പ്രസ്തുത വിവരം ലേലത്തുക ഒടുക്കിയതിന്റെ ചെലാൻ സഹിതം മറയൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. കൂടാതെ വിജയിയാകുന്ന ലേലക്കാരന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് തീയതി മുതൽ 40 ദിവസങ്ങൾക്കകം ലേലക്കാരൻ ബാക്കി അടയ്ക്കാനുള്ള ലേലത്തുക മുഴുവനും ഇ-ട്രഷറി സംവിധാനത്തിലൂടെയോ അല്ലെങ്കിൽ അത്രയും തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മറയൂർ പി. ഒ. എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മൂന്നാർ ശാഖയിൽ മാറാത്തക്ക രീതിയിലോ ഒടുക്കാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഡ്രാഫ്റ്റ് ബാങ്കിൽ നിരസിക്കുന്നപക്ഷം ടി ഡ്രാഫ്റ്റ് ഹാജരാക്കിയ ആളെ വീഴ്ച്ചക്കാരനായി കണക്കാക്കുന്നതും ലേല നിബന്ധന പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

സൗജന്യ കാലാവധിയായ 40 ദിവസത്തിനുശേഷം ഉണങ്ങിപ്പോകുന്നതുമൂലം ഉണ്ടാകുന്ന ചന്ദനത്തടിയുടെ തൂക്കക്കുറവിൽ വനം വകുപ്പിന് യാതൊരുവിധ ഉത്തരവാദിത്വവും ഇല്ലാത്തതാകുന്നു. 40-ാമത്തെ ദിവസം ചന്ദനത്തിന്റെ തൂക്കം പരിശോധിക്കുന്നതും ആ തൂക്കം ഭാവിയിൽ ചന്ദനം എത്രമാത്രം ഉണങ്ങിയാലും അന്തിമ തൂക്കമായി പരിഗണിക്കുന്നതുമാണ്. അതനുസരിച്ചുള്ള തൂക്കത്തിന് വില ഈടാക്കുന്നതായിരിക്കും.

ലേല നിബന്ധനകളിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള ചന്ദനത്തിന്റെ അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. എന്തെങ്കിലും കാരണവശാൽ ടി ഇ-ലേലം നിശ്ചയിച്ചിട്ടുള്ള തീയതിയിൽ നടക്കാതെവന്നാൽ 23-9-2020, 24-9-2020 എന്നീ തീയതികളിൽ ഇതേ സമയത്തുതന്നെ നടത്തുന്നതായിരിക്കും.

ലേലം സംബന്ധിച്ച വിവരങ്ങൾക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ, മറയൂർ പി. ഒ., ഇടുക്കി ജില്ല, കേരളം. (ഇ-മെയിൽ-dfo-mryr.for@kerala.gov.in ഫോൺ നമ്പർ-9447979047), റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മറയൂർ, മറയൂർ പി. ഒ., ഇടുക്കി ജില്ല, കേരളം. (ഇ-മെയിൽ-ro-mryr.for@kerala.gov.in ഫോൺ നമ്പർ-8547601500) എന്നിവരെ ബന്ധപ്പെടാവുന്നതാണ്.

No. E-2284/2020. *2nd July 2020.*

The following quantities of cleaned sandalwood (billets, roots, chips, sandal saw dust and sandal powder) stacked and stored at Government Sandal Depot Godown in Marayoor Range will be offered for sale by e-auction on 16-9-2020 17-9-2020 (wednesday & Thursday) at the Government Sandal Depot, Marayoor. Those who registered for auction with MSTC Company only can have the right to participate in e-auction. Further details can be had from the website www.mstcecommerce.com or 09946473645 (Marayoor is situated at Munnar-Udumalpet road 42 Kms. North East of Munnar and 45 Kms South West of Udumalpet). The sale is conducted in accordance with the sale conditions published in Kerala Gazette No. 2, Volume IV dated 13-1-2015 vide notification No. Pro (4)-54954/14 dated 23-12-2014 of the Addl. Principal Chief Conservator of Forests (Protection), Thiruvananthapuram. The general sale conditions which are applicable have been published in Kerala Gazette No. 36 Volume III dated 16-9-2014 vide Notification No. Pro(4)-29243/2013 dated 21-8-2014 Kerala Gazette No. 43, Volume III dated 4-11-2014 vide Notification No. Pro(4)-29243/2013 dated 17-10-2014.

SCHEDULE

| *Sl. No.* | *Class No.* | *Name of Class* | *Approximate quantity in (Kg.)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | I Class | Vilayath Budh | 1555.000 |
| 2 | II Class | China Budh | 990.300 |
| 3 | III Class | Panjam | 5015.250 |
| 4 | IV Class | Ghotla | 364.960 |
| 5 | V Class | Ghat Badla | 6745.740 |
| 6 | VI Class | Bagradad | 4000.000 |
| 7 | VII Class | Root 1st Class | 2467.540 |
| 8 | VIII Class | Root 2nd Class | 1376.100 |
| 9 | IX Class | Root 3rd Class | 1299.000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | X Class | Jaipokal | 10482.150 |
| 11 | XI Class | Cheria | 300.00 |
| 12 | XII Class | Mixed Chips | 3000.000 |
| 13 | XIII Class | Saw dust | 425.700 |
| 14 | XIV Class | Sandal Sapwood Billets | 3608.900 |
| 15 | XV Class | Sandal Sapwood Chips | 38083.000 |
| 16 | NIL | Sandal Powder | 74.280 |
| 17 | NIL | African Sandal | 1870.000 |
| | | Total | 81657.920 |

The Divisional Forest Officer, Marayoor Sandal Division, reserves all the right to exclude any class or quantity of sandalwood shown in the schedule above for sale. EMD amount of ₹ 50,000 is to be paid for each auction and it can be remitted through online payment system to MSTC till 6 p. m. on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. For the benefit of the bidders who are not well versed with online transactions, for some initial period, Range Forest Officer, Marayoor will entertain receipt of EMD in the form of Demand Draft payable at State Bank Of India, Munnar Branch drawn in favour of Range Forest Officer, Marayoor as was done in the old system, till 2 p.m. on the previous day of e-auction. Only the registered customers who submit the EMD will be able to participate against the eligible lots in e-auction. The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid. If the sale value of bid material is not paid within the specified time period against any of the bid lot by the successful bidder, the EMD will be forfeited.

The successful bidder should pay 35% of the bid value, after adjusting the EMD already remitted, within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala or Demand Draft (DD) drawn in favour of Range Forest Officer, Marayoor payable at State Bank of India, Munnar. If any amount is charged by bank for clearing the DD the same shall be borne by the bidder himself.

The purchaser should give at least 7 days notice of his intention to take delivery to the Range Officer, Marayoor supported by receipted chalans in token of payment.

In addition, after confirmation, the successful bidder shall remit the balance sale value and taxes through e-treasury of Government of Kerala or Demand Draft (DD) drawn in favour of Range Forest Officer, Marayoor payable at State Bank of India, Munnar, within 40 (forty) days of the date of the confirmation orders. If the demand Draft is dishonored by the Bank, the bidder who remitted the Demand Draft will be treated as defaulter and necessary action will be intiated against him as per the law and sale condition.

Department will not be responsible for any shortage in weight due to dryage after the grace period of 40 days, for this purpose on the 40th day, the weight will be taken and accounted and this weight will be reckoned as final weight irrespective of further dryage and payment will be charged against such weights.

If any modifications or change in the sale conditions intimated by the Principal Chief Conservator of Forests (Forest Management), Thiruvananthapuram will also be applicable to this e-auction sale and it will be informed to the bidder before e-auction. The undersigned reserves the right to alter the quantities of sandal materials mentioned in the above schedule or to cancel the e-auction of any sandal material without further notice. If the e-auction is not effected on the scheduled date it will be conducted on 23-9-2020 and 24-9-2020.

Further particulars can be had from the Divisional Forest Officer, Marayoor Sandal Division, Marayoor P. O., Idukki District, Kerala State (email: dfo-mryr.for@kerala.gov.in, Mobile No. +919447979047) or from Range Forest Officer, Marayoor Range, Marayoor, Marayoor P.O., Idukki District, Kerala State (email :ro-mryr. for@keralagov.in., Mobile No. +918547601500).

(Sd)
*Divisional Forest Officer*
(For and on behalf of the Governor of Kerala).

Office of the Divisional
Forest Officer, Marayoor.

## മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ

ലേല പരസ്യം

നമ്പർ ഇ-233/2018. 2020 ജൂലൈ 13.

മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽപ്പെട്ട താഴെ പട്ടികയിൽ പറയുന്ന റെയ്ഞ്ചുകളിലെ വിവിധ ആക്രി സാധനങ്ങൾ, പഴയ ടയറുകൾ മുതലായവ പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതികളിൽ അതാത് റെയ്ഞ്ച് ഓഫീസുകളിൽ വച്ചോ സെക്ഷൻ ആസ്ഥാനത്ത് വച്ചോ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ 1-3-2013-ലെ പ്രൊ.(5)26274/12 പ്രകാരം ആധികാരികമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അവയ്ക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടി ചേർക്കലുകൾക്കും മാറ്റങ്ങൾക്കും ലേല വ്യവസ്ഥകൾക്കും വിധേയമായി മൂന്നാർ വൈൽഡ് ലൈഫ് വാർഡനോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേല നടപടികൾ അതാത് ദിവസം രാവിലെ 11 മണിക്ക് ആരംഭിക്കുന്നതാണ്. ലേല ദിവസം ഒരു പൊതു അവധി പ്രഖ്യാപിക്കുന്നതായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടക്കുന്നതായിരിക്കും.

ലേലത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുമ്പ് ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരവും അളവുകളും കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ലേലത്തിനു ശേഷം ഇത് സംബന്ധിച്ച് യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ ₹ 2,000 നിരതദ്രവ്യമായി ലേലത്തിന് മുമ്പ് കെട്ടി വയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് റെയ്ഞ്ച് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഫോൺ നമ്പർ

ഇരവികുളം നാഷണൽ പാർക്ക്—8547603200

ഷോലാ നാഷണൽ പാർക്ക്—8547603258

ചിന്നാർ വന്യജീവി സങ്കേതം—04862252039 (8547603220)

### പട്ടിക

**ലേല തീയതി 2020**

| ക്രമ നമ്പർ | റെയ്ഞ്ച് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|
| 1 | ചിന്നാർ വന്യജീവി സങ്കേതം | 25 | 16 | 14 | 18 | 16 |
| | | ചൊവ്വ | ബുധൻ | ബുധൻ | ബുധൻ | ബുധൻ |
| 2 | ഇരവികുളം നാഷണൽ പാർക്ക് | 19 | 17 | 15 | 19 | 17 |
| | | ബുധൻ | വ്യാഴം | വ്യാഴം | വ്യാഴം | വ്യാഴം |
| 3 | ഷോലാ നാഷണൽ പാർക്ക് | 20 | 18 | 21 | 25 | 23 |
| | | വ്യാഴം | വെള്ളി | ബുധൻ | ബുധൻ | ബുധൻ |

(ഒപ്പ്)

വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയം,
മൂന്നാർ.

വൈൽഡ് ലൈഫ് വാർഡൻ
(കേരള ഗവർണ്ണർക്കുവേണ്ടി).

## ചാലക്കുടി ഡിവിഷൻ

### ഇ-ലേല പരസ്യം

നമ്പർ സിസി2-3619/2014. 2020 ജൂലൈ 23.

ചാലക്കുടി ഡിവിഷനിലെ വെള്ളിക്കുളങ്ങര റെയിഞ്ചിൽ വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് സർക്കാർ കസ്റ്റഡിയിലെടുത്ത് ബന്തവസ്സിൽ സൂക്ഷിച്ചുവരുന്നതുമായ വാഹനങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഇ-ലേലത്തിലൂടെ വിൽക്കുന്നതാണ്. ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ എൻ.ഐ.സി-യിൽ നിന്നോ www.mstcecommerce.com വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Helpdesk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുൻപായി വാഹനങ്ങളുടെ ഗുണനിലവാരം നേരിൽകണ്ട് ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്ക് മുൻപായി ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വാഹനത്തിന്റെ ആർ.സി. ബുക്ക് ലഭ്യമല്ലാതായാൽ ലേലക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ഡ്യൂപ്ലിക്കേറ്റ് ആർ.സി. ബുക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലേലം സംബന്ധിച്ച് വനംവകുപ്പിൽ നിലവിലുള്ള പൊതുനിയമങ്ങളും, മറ്റു നടപടിക്രമങ്ങളും ഇ-ലേലത്തിന് ബാധകമായിരിക്കും. വിജയിയായ ലേലക്കാരൻ ലേലത്തുകയുടെ 25% തുക 7 ദിവസത്തിനകം എം.എസ്.ടി.സി. മുഖേന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അടയ്ക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ വെള്ളിക്കുളങ്ങര റെയ്ഞ്ച് ഓഫീസിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

പട്ടിക

| ക്രമ നമ്പർ | റെയ്ഞ്ച് | വാഹനത്തിന്റെ വിവരങ്ങൾ | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|
| 1 | വെള്ളിക്കുളങ്ങര | KL-51-E-587 Bajaj Discover Bike | മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷൻ |
| 2 | വെള്ളിക്കുളങ്ങര | KL-64-D-2895-Yamaha Bike | മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷൻ |
| 3 | വെള്ളിക്കുളങ്ങര | KL-64-5898-Yamaha Bike | മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷൻ |
| 4 | വെള്ളിക്കുളങ്ങര | KL-64-E-5696-Dio Honda Scooter | മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷൻ |
| 5 | വെള്ളിക്കുളങ്ങര | KL-45-H-5824 Autorickshaw | മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷൻ |

ഇ-ലേല പ്രമാണങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി—17-8-2020, 3-9-2020.

ഇ-ലേല തീയതി—25-8-2020 രാവിലെ 11 മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ.

പുനർലേലം നടത്തുകയാണെങ്കിൽ തീയതി—15-9-2020 രാവിലെ 11 മുതൽ ഉച്ചയ്ക്ക് ശേഷം 3.30 വരെ.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബാഗ്ളൂർ എം. എസ്. റ്റി. സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലം സംബന്ധിച്ച് എം.എസ്.റ്റി.സി. പുറപ്പെടുവിക്കുന്ന പൊതുനിയമങ്ങളും മറ്റു നടപടി ക്രമങ്ങളും ഇ-ലേലത്തിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നും വെള്ളിക്കുളങ്ങര (0480-2742053) റെയ്ഞ്ച് ഓഫീസിൽനിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാണ്.

No. CC2-3619/2014. *23rd July 2020.*

It is hereby notified that the seized vehicles in forest offences and kept under Government custody in Vellikulangara Range in Chalakudy Division shown in the schedule will be sold through e-auction through MSTC website subject to the conditions notified in the e-auction notification.

e-Auction documents and connected records are available in the website www.mstcecommerce.com. For submission of e-auction visit the website www.mstcecommerce.com. All bids/e-auction shall be submitted Online only.

Clarification on this e-auction can be obtained from NIC/the e-auction Helpdesk number available in the www.mstcecommerce.com website and from the Office of the Divisional Forest Officer, Chalakudy during the office hours.

Intending persons may ensure the condition of vehicles put up for e-auction before the commencement of the same and no complaints will be entertained after the e-auction.

If the RC Book of the vehicle is not available it is up to the bidder himself to obtain duplicate RC Book at his own cost.

All the conditions and procedures of e-auction issued by MSTC from time to time will be applicable to this auction also 25% of the bid amount shall be paid through Demand Draft in the name of Divisional Forest Officer, Chalakudy within 7 days and submitted to MSTC.

Any further notification to the sale conditions that may be issued by Government after the issuance of this notification will also be applicable to this e-auction.

Further details and information can be had from this office or the concerned Range office Vellikulangara during the working hours.

Schedule

| *Sl. No.* | *Range* | *Details of Vehicle* | *Place where vehicle kept* |
|---|---|---|---|
| 1 | Vellikulangara | KL-51-E-587 Bajaj Discover Bike | Mupliyam Forest Station |
| 2 | Vellikulangara | KL-64-D-2895-Yamaha Bike | Mupliyam Forest Station |
| 3 | Vellikulangara | KL-64-5898-Yamaha Bike | Mupliyam Forest Station |
| 4 | Vellikulangara | KL-64-E-5696-Dio Honda Scooter | Mupliyam Forest Station |
| 5 | Vellikulangara | KL-45-H-5824 Autorickshaw | Mupliyam Forest Station |

The e-auction will be knocked down in the name of the highest bidders.

Date from which the e-auction notification and relevant documents will be available in the website—17-8-2020, 3-9-2020.

Date and time of e-auction—25-8-2020 at 11 a. m. to 3.30 p. m.

Date and time of Re-e-auction—15-9-2020 at 11 a. m. to 3.30 p. m.

Those who are interested to participate in the e-auction should be registered online with MSTC Limited, Banglore. Conditions for e-auction will be available at the website www.mstcecommerce.com.

Telephone No.—Divisional Forest Officer, Chalakkudy—0480-2701340.

Range Forest Officer, Vellikulangara—0480-2742053.

(Sd)

Divisional Forest Office, *Divisional Forest Officer*

Chalakudy. (For and on behalf of the Governor of Kerala).

## സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ

ഇ-ലേല പരസ്യം

നമ്പർ ബി1-5959/2017. 2020 ജൂലൈ 27.

സൗത്ത് വയനാട് ഡിവിഷന്റെ പരിധിയിൽ ചെതലത്ത് ഫോറസ്റ്റ് റെയിഞ്ചിലെ പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട 1980 പള്ളിച്ചിറ, 1983 ഉദയക്കര തേക്ക് തോട്ടങ്ങളിൽ നിന്നും ഇരുളം ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട 1978 കക്കോടൻ തേക്ക് തോട്ടത്തിൽ (Bit-I, Bit-II) നിന്നും ശേഖരിച്ചവയും 22-12-2018-ലെ ബി1, 5959/17 നോട്ടിഫിക്കേഷൻ പ്രകാരം ഇ-ലേലത്തിൽ വിൽപ്പനയ്ക്ക് വച്ചതുമായ തടി, കഴ, ബില്ലറ്റ്, വിറക് എന്നിവയിൽ Nobid ആയ ലോട്ടുകൾ ആകർഷകമായ വിലയിൽ ക്ലിയറൻസ് സെയിൽ വിൽപ്പന നടത്തുന്നു. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecomerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0471-2326686 എന്ന നമ്പരിൽ ബന്ധപ്പെടുക.

1980 പള്ളിച്ചിറ, 1983 ഉദയക്കര, 1978 കക്കോടൻ തോട്ടങ്ങളിൽ നിന്ന് ശേഖരിച്ചവയിൽ ക്ലിയറൻസ് സെയിലിന് വെക്കുന്ന ലോട്ടുകൾ

തോട്ടങ്ങൾ—1980 പള്ളിച്ചിറ, 1983 ഉദയക്കര, 1978 കക്കോടൻ.

ഡമ്പിംഗ് ഡിപ്പോകൾ—ചീയമ്പം, ഭൂദാനം.

| ഇനങ്ങൾ | അളവ് |
|---|---|
| തേക്ക് തടികൾ (TG C-IV) | 3.831 $M^3$ |
| തേക്ക് തടികൾ (TG SL C-IV) | 1.065 $M^3$ |
| രണ്ടാം തരം തേക്ക് കഴകൾ (II C) | 65 എണ്ണം |
| IV, V തരം തേക്ക് കഴകൾ | 103 എണ്ണം |
| തേക്ക് ബില്ലറ്റ് | 54 MT |
| തേക്ക് വിറക് | 1.5 MT |

ആദ്യ ലേല തീയതി—2020 സെപ്റ്റംബർ 8, സമയം 1.30 മുതൽ 3.30 വരെ

ടി ചീയമ്പം, ഭൂദാനം ഡമ്പിംഗ് ഡിപ്പോകളിൽ സെപ്റ്റംബർ 8-ാം തീയതി നടത്തുന്ന ഇ-ഓക്ഷനിൽ Nobid ആയി വരുന്ന ലോട്ടുകൾ താഴെ പറയുന്ന തീയതികളിൽ പുനർ ലേലം ചെയ്ത് വിൽപ്പന നടത്തുന്നതാണ്.

തീയതി : 2020 ഒക്ടോബർ 8, 2020 ഡിസംബർ 10.

സമയം : 1.30 മുതൽ 3.30 വരെ.

ഡമ്പിംഗ് ഡിപ്പോകൾ സ്ഥിതി ചെയ്യുന്ന സ്ഥലം

ഭൂദാനം ഡമ്പിംഗ് ഡിപ്പോ—പുൽപ്പള്ളി, മാനന്തവാടി റോഡിൽ ഇലക്ട്രിക് കവല ജംഗ്ഷനിൽ നിന്നും വലത് ഭാഗത്തേക്ക് തിരിഞ്ഞ് 300 മീറ്റർ മാറി പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ ഓഫീസിന് സമീപത്തായി സ്ഥിതി ചെയ്യുന്നു.

ചീയമ്പം ഡമ്പിംഗ് ഡിപ്പോ—സുൽത്താൻ ബത്തേരി, പുൽപ്പള്ളി റോഡിൽ ചീയമ്പം വലിയ കുരിശ് ജംഗ്ഷനിൽ നിന്നും വലത് ഭാഗത്തേക്ക് തിരിഞ്ഞ് 800 മീറ്റർ മാറി ചീയമ്പം 73 ഡമ്പിംഗ് ഡിപ്പോ സ്ഥിതി ചെയ്യുന്നു.

16-9-2014-ലെ വാല്യം III, പാർട്ട് III, 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21-8-2014 ലെ Pro.(4) 29243/13-ാം നമ്പർ ഉത്തരവിലെ നിബന്ധനകളും 4-11-2014 ലെ വാല്യം III, പാർട്ട് III, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17-10-2014-ലെ Pro.(4) 29243/13-ാം നമ്പർ ഉത്തരവിലെ നിബന്ധനകളും, 24-2-2015-ലെ വാല്യം IV, പാർട്ട് III, 8-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 3-2-2015-ലെ Pro.(4) 29243/13-ാം നമ്പർ ഉത്തരവിലെ നിബന്ധനകൾക്കും 6-10-2015-ലെ വാല്യം IV, പാർട്ട് III, 39-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ പ്രത്യേക നിബന്ധനകൾക്കും 1-11-2016-ലെ വാല്യം V, പാർട്ട് III, 43-ാം നമ്പർ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എൽ.ആർ.) തിരുവനന്തപുരത്തിന്റെ 26-9-2016-ലെ Pro.(4) 26243/13-ാം നമ്പർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായാണ് ഇ-ഓക്ഷൻ നടക്കുക.

## നിബന്ധനകൾ

1. മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്നതിനും പുതുതായി ഉൾപ്പെടുത്തുന്നതിനുമുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സൗത്ത് വയനാടിൽ നിക്ഷിപ്തമായിരിക്കും.
2. ടി ഡിപ്പോയിൽ ലേലം ചെയ്യുന്ന തേക്ക് കഴകൾ/ബില്ലറ്റ്/വിറക് എന്നിവയ്ക്ക് ₹ 20,000-ം തേക്ക് തടികൾക്ക് ₹ 50,000-ം നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടു തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി അടച്ചിരിക്കണം.
3. നിരതദ്രവ്യം സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിന്റെ കൽപ്പറ്റ ബ്രാഞ്ചിൽ മാറാവുന്ന ഡി.ഡി. മുഖേനയോ ഒടുക്കാവുന്നതാണ്.
4. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, ലേല നമ്പർ, ലേല തീയതി എന്നിവ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം.
5. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടച്ച് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ഓക്ഷനിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
6. വിജയിയായ ലേലക്കാരൻ ലേല വിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള ജി.എസ്.ടി, വന വികസന നികുതി, ആദായ നികുതി എന്നിവ യഥാസമയം അടയ്ക്കേണ്ടതാണ്.
7. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ അടയ്ക്കേണ്ടതാണ്. ഇ-ഓക്ഷൻ നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരമോ വനം വകുപ്പിലെ മറ്റ് അധികാരികളോ എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തുന്ന പക്ഷം ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്.

ഇ-ഓക്ഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

എം.എസ്.ടി.സി. ലിമിറ്റഡ്, തിരുവനന്തപുരം—www.mstcecomerce.com, 0471-2326686, 0471-2529137.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ പി. ഒ., വയനാട് ജില്ല, കേരളം പിൻ 673 121—dfoswd@gmail.com, dfo-wynds.for@kerala.gov.in, 04936-203428.

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ചെതലത്ത് റെയ്ഞ്ച്, പുൽപ്പള്ളി പി. ഒ., വയനാട് ജില്ല, കേരളം, പിൻ 673 579—rochedleth@gmail.com, 04936-243700, 08547602737.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
സൗത്ത് വയനാട് ഡിവിഷൻ,
കൽപ്പറ്റ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).